

# മുനിപ്പാറ സെന്റ് ജൂഡ് ഇടവക

തൃശൂർ ജില്ലയിൽ പ്രകൃതിരമണീയമായ അതിരപ്പിള്ളി ടൂറിസ്റ്റ് കേന്ദ്രത്തിനോടടുത്ത് മുനിപ്പാറ ദേശത്തിന്റെ ഹൃദയഭാഗത്ത് വി. യൂദാശ്ലീഹായുടെ നാമധേയത്തിൽ ഈ ദേവാലയം സ്ഥിതിചെയ്യുന്നു. ഇവിടത്തെ ക്രൈസ്തവരുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റിയിരുന്നത് 4 കിലോമീറ്റർ ദൂരെയുള്ള തൂമ്പാക്കോട് ഇടവക പള്ളിയിൽനിന്ന് ആയിരുന്നു.

## കപ്പേള

നല്ലവരും ഉദാരമനസ്കരുമായ ക്രൈസ്തവരുടെ കൂട്ടായ ആലോചനയുടെയും പരിശ്രമത്തിന്റെയും ഫലമായി മുനിപ്പാറയിൽ ആദ്യമായി ഒരു കപ്പേള പണിയുകയും 1980 ജനുവരി മാസം 4-ാം തിയ്യതി വെഞ്ചിരിക്കുകയും വി. സെബസ്ത്യാനോസിന്റെ രൂപം പ്രതിഷ്ഠിക്കുകയും ചെയ്തു. തുടർന്ന് എല്ലാവർഷവും ജനുവരി മാസത്തിലെ ആദ്യ വെള്ളിയാഴ്ച കപ്പേളയിൽ ആഘോഷമായ വി. കുർബാനയും അർപ്പിച്ചുപോന്നിരുന്നു.

സ്വന്തമായി ഒരു ദേവാലയത്തിനുവേണ്ടിയുള്ള ആഗ്രഹം ഈ ഭാഗത്തുള്ളവർ രൂപതാധികാരികളെ അറിയിച്ചതിന്റെ ഫലമായി 12.3.1989-ൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് കപ്പേളയിൽ വന്ന് ദിവ്യബലിയർപ്പിക്കുകയും, ദിവ്യബലിമദ്ധ്യേ കാഞ്ഞിരപ്പള്ളി-മുനിപ്പാറ ഭാഗത്ത് ഒരു ദേവാലയം ഉണ്ടാകേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുകയും ഭാവി ദേവാലയത്തിന് അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. യൂദാതദേവൂസിന്റെ പേര് നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ 24.4.1989 ഞായറാഴ്ച ഉച്ച കഴിഞ്ഞ് തൂമ്പാക്കോട് കപ്പേളയിൽ നിന്ന് വി. യൂദാതദേവൂസിന്റെ തിരുസ്വരൂപം ആഘോഷപൂർവ്വം പ്രദക്ഷിണമായി കൊണ്ടുവന്ന് ഇവിടത്തെ കപ്പേളയിൽ സ്ഥാപിച്ചു. വി. സെബസ്ത്യാനോസിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന കപ്പേള അന്നുമുതൽ സെന്റ് ജൂഡിന്റെ നാമത്തിൽ അറിയപ്പെടുകയും എല്ലാ ശനിയാഴ്ചയും വൈകിട്ട് വി. യൂദാതദേവൂസിന്റെ ആഘോഷമായ നൊവേന നടത്തിപ്പോരുകയും ചെയ്തിരുന്നു. ഇതിന് നേതൃത്വം കൊടുത്തത് തൂമ്പാക്കോട് പള്ളി വികാരിയായിരുന്ന ബഹു. വിൻസെന്റ് ചാലിശ്ശേരി അച്ചനായിരുന്നു.

## കുരിശുപള്ളി

3.7.1993-ൽ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക അനുവാദപ്രകാരം വി.യൂദാതദേവൂസിന്റെ കപ്പേളയെ കുരിശുപള്ളിയാക്കുകയും വികാരി ബഹു. ജോസ്

പന്തല്ലൂക്കാരനച്ചന്റെ നേതൃത്വത്തിൽ ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തുപോന്നു.

**പള്ളി** 1994-ൽ മുനിപ്പാറയിലെ ജനങ്ങളുടെ സ്വപ്ന സാക്ഷാത്ക്കാരമെന്നോണം മുനിപ്പാറ പള്ളിക്ക് വേണ്ടിയുള്ള ശിലാസ്ഥാപനം നടന്നു. 1995-ൽ വികാരിയായി വന്ന ബഹു. ജോസ് പാലാട്ടിയച്ചന്റെ നേതൃ ത്വത്തിൽ പള്ളിയുടെ പണികൾ പുരോഗമിച്ചു. 5.1.1999-ൽ ദേവാലയത്തിന്റെ കൂദാശാകർമ്മം മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

**മതബോധന ഹാൾ** 1999-ൽ ബഹു. പോൾ മംഗലനച്ചന്റെ കാലഘട്ടത്തിൽ പള്ളിയകത്ത് മാർബിൾ വിരിച്ച് മനോഹരമാക്കി. അന്ന് നിർമ്മിച്ച ഹാൾ ഇപ്പോൾ മതബോധന ക്ലാസ്സുകൾ നടത്തുവാൻ ഉപയോഗിക്കുന്നു. കൂടാതെ, പള്ളിയുടെ പിൻഭാഗത്തായി സിമിത്തേരി പണിത് അതിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി.

**ഇടവക** മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ D.L. 1/99, 842/99, dated 11-12-1999-ലെ കല്പനപ്രകാരം 5.1.2000-ൽ മുനിപ്പാറ പള്ളിയെ തുമ്പാക്കോട് ഇടവകയിൽ നിന്ന് വേർപ്പെടുത്തി, സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചു. പ്രഥമ വികാരിയായി ബഹു. പോൾ മംഗലനച്ചൻ നിയമിതനായി. പിന്നീട്, വി. യൂദാതദേവൂസിന്റെ തിരുശേഷിപ്പ് മുനിപ്പാറ പള്ളിയിൽ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചു.

**വൈദികമന്ദിരം** 2004-ൽ വികാരിയായി ചാർജ്ജെടുത്ത ബഹു. പോൾ ചെറുവത്തൂർ അച്ചൻ 15.8.2005-ൽ വൈദിക മന്ദിരത്തിന്റെ അടിസ്ഥാന ശില സ്ഥാപിച്ചു. തുടർന്ന് നിർമ്മാണം പൂർത്തിയാക്കി 13.1.2007-ൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിച്ചു.

**സ്ഥിരവാസമുള്ള വികാരി** 31.1.2007-ൽ വികാരിയായ ബഹു. പ്ലോജൻ കണ്ണംപുഴയച്ചൻ ഇവിടത്തെ വൈദികമന്ദിരത്തിൽ ഇദംപ്രഥമമായി താമസമാക്കി, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പള്ളിയകം സീലിംഗ് ചെയ്യുകയും പുതിയ സൗണ്ട് സിസ്റ്റം വയ്ക്കുകയും ചെയ്തു. 168 കുടുംബങ്ങളുള്ള ഈ ഇടവകയിൽ 4 കുടുംബസമ്മേളന യൂണിറ്റുകളാണ് നിലവിലുള്ളത്.

## ഹോളി ഫാമിലി കോൺവെന്റ്

1995 ആഗസ്റ്റ് 19-ാം തിയ്യതി മുനിപ്പാറയിൽ ആരംഭിച്ച ഹോളിഫാമിലി സന്യാസിനീസമൂഹത്തിന്റെ പ്രവർത്തനം മുനിപ്പാറ പ്രദേശത്തിന് അനുഗ്രഹമാണ്. കോൺവെന്റിനോട് ചേർന്ന് ഒരു നഴ്സറി സ്കൂളും പ്രവർത്തിച്ചുവരുന്നു.

## എഫ്.സി.സി. ശാന്തി ആശ്രമം

2007 മാർച്ച് 5-ന് മുനിപ്പാറയിൽ എഫ്.സി.സി. സന്യാസിനീസമൂഹം സ്ഥാപിച്ച കോൺവെന്റ് ശാന്തി ആശ്രമം എന്ന പേരിൽ അറിയപ്പെടുന്നു. പ്രാർത്ഥനയിലും ധ്യാനത്തിലും വ്യാപൃതരായ ബഹു. സിസ്റ്റേഴ്സ് പ്രാർത്ഥനയിലൂടെ ഇടവക സമൂഹത്തിന് വേണ്ടി സേവനം ചെയ്യുന്നു. ജനറലേറ്റിന്റെ കീഴിലാണ് ഈ ആശ്രമം.



ഹോളിഫാമിലി കോൺവെന്റ്



നേഴ്സറി സ്ക്കൂൾ



എഫ്.സി.സി. ശാന്തി ആശ്രമം